**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 57** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഭരണഭാഷ മലയാളം ആക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭരണഭാഷ മലയാളം ആക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഭരണഭാഷാമാറ്റം വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിയുടെഅധ്യക്ഷതയിൽ ഔദ്യോഗികഭാഷാ ഉന്നതതലസമിതിയും ചീഫ്സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാനതലസമിതിയും സമ്മേളിക്കുന്നുണ്ട്. കൂടാതെ ഓദ്യോഗികഭാഷ സംബന്ധിച്ച വകുപ്പുതലസമിതി, വകുപ്പുതല ഏകോപനസമിതി, ജില്ലാതലസമിതി, ജില്ലാതല ഏകോപനസമിതി എന്നിവ രൂപവൽക്കരിച്ചിട്ടുണ്ട്. ഓരോ വകുപ്പുകളുടെയും കോഡുകളും മാനുവലുകളും റഗുലേഷനുകളും പരിഭാഷപ്പെടുത്തി മലയാളത്തിൽക്കൂടി പ്രസിദ്ധീകരിക്കണമെന്നും വെബ്സൈറ്റ് മലയാളത്തിൽക്കൂടി ലഭ്യമാക്കണമെന്നും എല്ലാ വകുപ്പുതലവന്മാർക്കും സ്ഥാപനമേധാവികൾക്കും നിർദേശം നൽകിയിട്ടുണ്ട്.<br><br>നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളൊഴികേയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും 2017 മെയ് 1 മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ഭരണഭാഷാപ്രഖ്യാപനം നടത്തിയിട്ടുണ്ട്. സർക്കാരാഫീസുകളുടെ ബോർഡുകൾ, ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരുമടങ്ങുന്ന ബോർഡുകൾ, വാഹനങ്ങളുടെ ബോർഡുകൾ എന്നിവ മലയാളത്തിൽക്കൂടി പ്രദർശിപ്പിക്കേണ്ടതാണ്. ഓഫീസ് മുദ്രകൾ, ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗികപദവിയുമടങ്ങുന്ന തസ്തികമുദ്രകൾ എന്നിവ മലയാളത്തിൽക്കൂടി തയ്യാറാക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. ഭരണരംഗത്ത് മലയാളഭാഷയുടെ ഉപയോഗം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് മലയാളം ടൈപ്പിങ് |

| | | | |
|---|---|---|---|
| | | | പരിശീലനവും ഭരണഭാഷാപരിശീലനവും നൽകുന്നുണ്ട്.<br><br>മലയാളഭാഷയുടെ ഉപയോഗം സാർവത്രികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും നിർദേശങ്ങളും പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പ വരുത്തുന്നതിനായി ഓദ്യോഗികഭാഷാവകുപ്പ് സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ പരിശോധന നടത്തുന്നുണ്ട്. |
| (ബി) | നിലവിൽ ഭരണഭാഷ മലയാളമായി ഉപയോഗിക്കുന്ന എത്ര വകുപ്പുകളാണുള്ളതെന്ന് വിശദമാക്കുമോ; | (ബി) | എല്ലാ വകുപ്പുകളിലും ഇനി രൂപവൽക്കരിക്കപ്പെടുന്ന വകുപ്പുകളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് നിർദേശിച്ച് ഉത്തരവ്വ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളിലും ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | എല്ലാ വകുപ്പുകളിലും ഇനി രൂപവൽക്കരിക്കപ്പെടുന്ന വകുപ്പുകളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് നിർദേശിച്ച് ഉത്തരവ്വ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ